(5) കേരള-തമിഴ്നാട് അതിർത്തിയിലെ വട്ടവടയിൽ കയ്യേറ്റം നടക്കുന്നതായുള്ള പത്രവാർത്ത

ശ്രീ. ജി. വരദൻ : സാർ, വട്ടവടെ പഞ്ചായത്തിൽ കൊട്ടാൻകൊമ്പു വില്ലേജിൽ ആയിരം ഏക്കർ ഭൂമിയിൽ തമിഴ്നാടു പാറസ്റ്റു ഉദ്യോഗസ്ഥർ യൂക്കാലിപ്സ് മരം നട്ടു പിടിപ്പിച്ചിരുക്കിരുർക്കുന്നു. ഇന്ത മരങ്കൾ [10 a.m.] രണ്ടു വരുടങ്കളുക്കു മുൻപു നടപ്പെട്ടുള്ളതു എന്നു ദീപിക പത്രിരികൈ കൂറുകിറതു. നമതു പാറസ്റ്റു ഉദ്യോഗസ്ഥർകളുടെയും റവന്യൂ വകുപ്പിന്റെയും ഉദവിയോടുതാൻ തമിഴ്നാടു പാറസ്റ്റു ഉദ്യോഗസ്ഥർകൾ ഇന്ത മരങ്കളൈ നട്ടു പിടിപ്പിച്ചിരുക്കിരുർകളാ എന്പതുതാൻ എനതു സന്ദേകം. അതുമട്ടുമല്ലാമൽ കുമിളി പക്കത്തിൽ തമിഴ്നാട്ടിലുള്ള മക്കൾ കുടിയേറിക്കൊണ്ടിരുക്കിരുർകൾ. തമിഴ്നാടു പാറസ്റ്റു ഉദ്യോഗസ്ഥർകളും കൈയേറുകിരുർകൾ. ആകയാൽ മുതലമൈച്ചരും റവന്യൂ അമൈച്ചരും ചേർന്തു ഇന്ത പിരച്ചനൈക്കു തീർവു കാണ വേണ്ടുമെന്റു കേട്ടുക്കൊൾകിറേൻ.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, പത്രത്തിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽത്തന്നെ ജില്ലാകളക്ടറുടെ ചാർജ് വഹിക്കുന്ന എ. ഡി. എം. നോടും സർവ്വേ ഡെപ്യൂട്ടി ഡയറക്ടറോടും ഒന്നിച്ചു പോയി വേഗം ആ സ്ഥലം പരിശോധിക്കുന്നതിന് നിർദ്ദേശം കൊടുത്തു. അവർ ആ സ്ഥലത്തുപോയി പരിശോധിച്ചു. 7-11-1986-ൽ ചിന്നാർ, ചുരുളിച്ചെട്ടി. പമ്പ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ച ആ സ്ഥത്തെ സംബന്ധിച്ച് സർവ്വേ റിപ്പോർട്ടെല്ലാം പരിശോധിക്കുകയുണ്ടായി. ചിന്നാർ നദിയുടെ കരയിൽ രണ്ടു ഗവൺമെൻറും യോജിച്ച് സ്ഥാപിച്ചിട്ടുള്ള സർവ്വേ കല്ലുകൾ യാതൊരു വ്യത്യാസവുമില്ലാതെ നിലനിന്നിരുന്നുവെന്നാണ് റിപ്പോർട്ട് കിട്ടിയിട്ടുള്ളത്. റിക്കോഡുകൾ പ്രകാരം സർവ്വേ കല്ലുകൾ മാറി സ്ഥാപിച്ചതായി കണ്ടില്ല. തമിഴ്നാട് ഗവൺമെൻറ് ചിന്നാർ, ചുരുളിച്ചെട്ടി ഭാഗത്തുമാത്രം മഞ്ഞനിറത്തിൽ സർവ്വേ കല്ലുകൾക്ക് ചായമടിച്ചിട്ടുണ്ട്. വട്ടവടെ വില്ലേജിലെ കടവൂരിലും ചിലഞയാറിലും 10 ഏക്കറോളം തരിശുഭൂമിയിൽ 15 കുടുംബങ്ങൾ കയ്യേറിയതായും അവിടെ കൃഷി നടത്തി അനുഭവിക്കുന്നതായും അവരുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഗവൺമെൻറു ഭൂമി കയ്യേറ്റം ഉണ്ടാകാതെയിരിക്കാനായിട്ടുള്ള തക്ക നടപടികൾ എടുത്തിട്ടുണ്ട്. ഈ അതിർത്തി കൈയേറി എന്നുള്ള പത്രവാർത്തയുടെ അടിസ്ഥാനത്തിൽത്തന്നെ ഉദ്യോഗസ്ഥൻമാർ അവിടെപോയി സർവ്വേ റിക്കോഡുകൾ വച്ച് പരിശോധിക്കുകയുണ്ടായി. അവിടെയുള്ള സർവ്വേകല്ലുകൾക്ക് പുതിയതായിട്ട് ചായം അടിച്ചതാണ് ഈ തെറ്റിദ്ധാരണയുണ്ടാകാൻ ഇടയായിട്ടുള്ളത്.

(6) കോഫി ക്യൂവറിംഗ് തൊഴിലാളികൾക്ക് മിനിമം വേതനം ഏർപ്പെടുത്തൽ

ശ്രീ. കൊടിയേരി ബാലകൃഷ്ണൻ : സർ, നമ്മുടെ സംസ്ഥാനത്തു കോഫി ക്യൂവറിംഗ് ഫാക്ടറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം കൂലി ഏർപ്പെടുത്താത്തതിന്റെ ഫലമായി നാമമാത്രമായ കൂലി മാത്രമാണ് കോഫി ക്യൂവറിംഗ് തൊഴിലാളികൾക്ക് വിവിധ സ്ഥലങ്ങളിലായി ഇന്നു നൽകി വരുന്നത്. തലശ്ശേരി, കോഴിക്കോട്, വയനാട് എന്നീ സ്ഥലങ്ങളിലായി കോഫി ക്യൂവറിംഗ് ഫാക്ടറികൾ ഇന്നു പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു എന്ന

LIBRARY ARCHIVES Kerala Legislative Assembly

കാരണം പറഞ്ഞുകൊണ്ടാണ് മിനിമം വേതനം ഏർപ്പെടുത്താത്തത്. ഒന്നുകിൽ കോഫി ക്യൂവറിംഗ് തൊഴിലാളികൾക്ക് മാത്രമായോ അല്ലെങ്കിൽ മറ്റേതെങ്കിലും തൊഴിലാളി വിഭാഗവുമായി ക്ലബ്ബ് ചെയ്തോ കോഫി ക്യൂവറിംഗ് തൊഴിലാളികൾക്ക് മിനിമം വേതനം, ഏർപ്പെടുത്തുന്നതിനുവേണ്ടിയുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഗവൺമെൻറിനോട് ആവശ്യപ്പെടുകയാണ്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസമേനോൻ) : സർ, കോഫി ക്യൂവറിംഗ് തൊഴിലാളികൾക്ക് മിനിമം വേതനം ഏർപ്പെടുത്താത്തതിന്റെ കാരണം ബഹുമാനപ്പെട്ട മെമ്പർ തന്നെ ഇവിടെ പറയുകയുണ്ടായി, എണ്ണം കുറവാണെന്ന്. തൊഴിലാളികളുടെ എണ്ണം ആയിരത്തിൽപ്പരമെങ്കിലും ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥയുണ്ട്. ആയിരത്തിൽക്കൂടുതൽ ഉണ്ടെങ്കിൽ ഏർപ്പെടുത്തുന്നതിന് യാതൊരു വൈഷമ്യവുമില്ല. ഇപ്പോഴും ആയിരത്തിൽ കുറവേയുള്ളൂ എന്നാണ് റിപ്പോർട്ട് കിട്ടിയിരിക്കുന്നത്. അതുകൊണ്ടാണ് ഏർപ്പെടുത്താത്തത്. വീണ്ടും വേണമെങ്കിൽ ഇക്കാര്യം ഒന്നുകൂടി പരിശോധിക്കാം.

(7) എടക്കാട് ശുദ്ധജലവിതരണ പദ്ധതി

ശ്രീ. എ.കെ. ശശീന്ദ്രൻ : സർ, നമ്മുടെ സംസ്ഥാന ഗവൺമെൻറ് എന്റെ നിയോജകമണ്ഡലത്തിൽ സ്ഥാപിച്ച ഒരു തറക്കല്ലിന് ശാപമോക്ഷം നൽകണമെന്ന് അഭ്യർത്ഥിക്കുവാനാണ് ഈ സബ്മിഷൻ. കഴിഞ്ഞ 25-1-1985-ൽ എടക്കാട് പഞ്ചായത്തിൽ ഒരു ശുദ്ധജലവിതരണ പദ്ധതിക്കുവേണ്ടി അന്നത്തെ ജലസേചന വകുപ്പുമന്ത്രി ഒരു തറക്കല്ലിട്ടു. അതിനുശേഷം എനിക്കു മനസിലാക്കാൻ കഴിഞ്ഞത് ഏതു സ്കീമിൽ ഉൾപ്പെടുത്തിയാണ് ഈ ശുദ്ധജല പദ്ധതി ആരംഭിക്കുന്നത് എന്നുപോലും ഒരു ഡിപ്പാർട്ടുമെൻറും തീരുമാനിക്കാതെയാണ് അതിന് തറക്കല്ല് ഇട്ടത് എന്നാണ്. പിന്നീട് അതിനൊരു സർവ്വേ നടത്തുകയും ആ സർവ്വേയുടെ അടിസ്ഥാനത്തിൽ ഒരു എസ്റ്റിമേറ് തയ്യാറാക്കുകയും 55 ലക്ഷം രൂപയ്ക്കുള്ള ഒരു എസ്റ്റിമേറ് തയ്യാറാക്കി കേന്ദ്ര സഹായത്തോടുകൂടി നടപ്പിലാക്കുന്ന ജല സേചന പദ്ധതിയിൽ ഉൾപ്പെടുത്താൻവേണ്ടി കേന്ദ്രത്തിലേക്ക് അയക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രത്തിലേക്ക് അയച്ചിട്ട് ഒന്നൊന്നര കൊല്ലമായി. ഇക്കാലമത്രയുമായിട്ടും ആ പദ്ധതിക്ക് ഒരു അംഗീകാരം വാങ്ങി എടുക്കുന്നതിനോ ആ പദ്ധതി നടപ്പിലാക്കി അതിലൂടെ ശുദ്ധജലത്തിനുവേണ്ടി കേഴുന്ന ആ പ്രദേശത്തെ ജനങ്ങളെ സഹായിക്കാനോ ഇതുവരെ സാധിച്ചിട്ടില്ല. ഈ പ്രശ്നം രണ്ടുമൂന്നുതവണ ഞാൻ പുതിയ ജലസേചന വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലും പെടുത്തിയിരുന്നു. അദ്ദേഹം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് എന്നോട് വാക്കു തന്നതാണ്. എന്നിട്ടും അതിനൊരു പരിഹാരം ഉണ്ടായിട്ടില്ല.

അതുകൊണ്ട് ആ തറക്കല്ലിനും പദ്ധതിക്കും ഒരു ശാപമോക്ഷം നൽകി അതിലൂടെ ആ പ്രദേശത്തെ ജനങ്ങളെ സഹായിക്കുന്നതിനുവേണ്ടി പുതിയ മന്ത്രി അദ്ദേഹത്തിന്റെ പേരും എന്റെ പേരും വച്ച് ഒരു തറക്കല്ലും പരിപാടിയുമിട്ട് ആ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുന്നതിന് ഒത്തവും കാണിക്കണമെന്ന് അപേക്ഷിക്കുകയാണ്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഒരു പ്രാവശ്യം ഇട്ട കല്ല് രണ്ടാമത് ഇടുന്ന സമ്പ്രദായം എനിക്കില്ല. ബഹുമാനപ്പെട്ട ശശീന്ദ്രന്റെ വികാരം ഞാൻ മനസിലാക്കുന്നു. ആ പ്രദേശത്തെ

LIBRARY ARCHIVES Kerala Legislative Assembly